(സി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുവാനുതകും വിധം ഉദാരമായ വ്യവസ്ഥകൾ ഏർപ്പെടുത്താൻ സർക്കാർ ശ്രമിക്കുമോ ?

ഉത്തരം

(എ) 67 പേർ.

(ബി) 9 സ്ഥാപനങ്ങൾ. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ടി സ്ഥാപനങ്ങളിൽ ഷാജു പ്ലാസ്റ്റിക് പ്രോഡക്ട്സ്, യൂണിവേഴ്സൽ പൈപ്പ് ഇൻഡസ്ട്രീസ് എന്നീ സ്ഥാപനങ്ങൾ വിറ്റുപോയിട്ടുള്ളതാണ്. ബാക്കിയുള്ള വ്യവസായ യൂണിറ്റുകളിൽ വിജയകരമായി പ്രവർത്തിച്ച് വായ്പ തിരിച്ചടക്കാൻ കഴിയുമെന്ന് ബോദ്ധ്യപ്പെടുത്തുന്നവരുടെ കാര്യം അനുഭാവപൂർവം പരിശോധിച്ചു തീരുമാനിക്കുന്നതാണ്.

കെ. എസ്. എഫ്. ഇ. യുടെ വായ്പാ നടപടിക്രമം

14 (1069) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.യുടെ വിവിധ സ്കീം പ്രകാരം വായ്പയെടുക്കുന്നവർക്ക് വായ്പാ നടപടിക്രമം ലളിതമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(ബി) പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുന്ന 2000-ാം ആണ്ടിൽ കുടിശ്ശികതുക പിരിച്ചെടുക്കുവാൻ പിഴപ്പലിശ ഒഴിവാക്കി കൂടുതൽ ഉദാരമായ നടപടികൾ സ്വീകരിക്കുവാൻ നടപടിയെടുക്കുമോ ;

(സി) 1998-99-ലെ സാമ്പത്തികവർഷം എത്ര തുക സ്ഥാപനം വായ്പ കൊടുത്തുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) വായ്പാ നടപടിക്രമം ലളിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വിശദാംശങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(സി) 34690.12 ലക്ഷം രൂപ വായ്പയായി നൽകിയിട്ടുണ്ട്.

മുക്കത്ത് കെ.എസ്.എഫ്.ഇ. യുടെ ബ്രാഞ്ച്

15 (1070) ശ്രീ. സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുക്കം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള ശുപാർശ കെ.എസ്.എഫ്.ഇ. ധനകാര്യവകുപ്പിന്റെ അനുവാദത്തിനു സമർപ്പിച്ചിട്ടുണ്ടോ ;

---

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്നാണ് സമർപ്പിച്ചത് ;

(സി) പ്രസ്തുത ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് അനുവാദം കൊടുക്കുന്ന കാര്യം വൈകുന്നതെന്താണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

ഉപ്പളയിൽ കെ. എസ്. എഫ്. ഇ. യുടെ ശാഖ

16 (1071) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.എഫ്.ഇ. യുടെ ഒരു ശാഖ ഉപ്പളയിൽ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

കെ.എസ്.എഫ്.ഇ. നടത്തിയ പഠനത്തിൽ ഉപ്പളയിൽ ഒരു ബ്രാഞ്ച് ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കുകയില്ല എന്നു കണ്ടതിനാൽ നടപടികൾ ഒന്നും തന്നെ സീകരിച്ചിട്ടില്ല.

കെ.എസ്.എഫ്.ഇ.യിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള അന്വേഷണം

17 (1072) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കെ. എസ്. എഫ്. ഇ. യിൽ ഇപ്പോൾ ഏതൊക്കെ ഉദ്യോഗസ്ഥരുടെ പേരിൽ അന്വേഷണം നടക്കുന്നുണ്ട് ; ഡിപ്പാർട്ട്മെന്റ് തലത്തിൽ നടക്കുന്ന അന്വേഷണത്തിന്റെയും, സർക്കാർ തലത്തിൽ നടക്കുന്ന അന്വേഷണത്തിന്റെയും പുരോഗതി വിശദമാക്കാമോ ;

(ബി) സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതിന് ഏതൊക്കെ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുത്തിട്ടുണ്ട് ;

(സി) മുൻ മാനേജിംഗ് ഡയറക്ടർമാരുടെ പേരിൽ നടപടികൾ ഉണ്ടായിട്ടുണ്ടോ ;

(ഡി) കെ.എസ്.എഫ്.ഇ.യിലേക്ക് സാധനങ്ങൾ വാങ്ങുന്നതിൽ അഴിമതിയും ക്രമക്കേടുകളും നടക്കുന്നുതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly